ശ്രീ. ബാബു ദിവാകരൻ: സർ, ഇതൊരു പ്രത്യേക വിഷയമാണ്. ബി.പി.എൽ. തീരുമാനിക്കുന്ന കാര്യത്തിൽ ചില തർക്കങ്ങൾ മുഖാന്തിരം അതിന്റെ നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. ഇതുവരെ കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ അവർക്ക് തുടർന്നും കിട്ടാനുള്ള നടപടികൾ എടുക്കണമെന്നാണ് ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഇതൊരു പ്രത്യേക പ്രശ്നമാണ്. അത് പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. പി. നാരായണൻ: സർ, തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായി ബഹുമാനപ്പെട്ട മന്ത്രി അവിടെ പോകുന്നുണ്ടെന്നു പറഞ്ഞു. വളരെ നല്ല കാര്യമാണ്. കേരളത്തിലെ വൻകിട തോട്ടമുടമകൾ, തേയിലത്തോട്ടമുൾപ്പെടെയുള്ള തോട്ടങ്ങൾ നഷ്ടമാണെന്നുള്ളതിന്റെ പേരിൽ ആ സ്ഥലങ്ങളിലെല്ലാം വൻകിട റിസോർട്ടുകൾ പണിയാൻപോകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അതു നിയന്ത്രിക്കുന്നതിന് എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്, നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതു നിയന്ത്രിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഇത് മാനേജ്മെന്റുകൾ കുറേക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ്. ഈ എസ്റ്റേറ്റുകളുടെ ടൂറിസം പൊട്ടൻഷ്യൽ ഡെവലപ് ചെയ്യാൻ കഴിയുന്ന സ്ഥലങ്ങളിൽ—കുറച്ചു സ്ഥലങ്ങളെങ്കിലും അതിനുള്ള സാധ്യതകളുണ്ട്. — ഇടുക്കിയുടെ പല പ്രദേശങ്ങളിലും ടൂറിസം ഡെവലപ് ചെയ്യാനുള്ള സാധ്യതകളുണ്ട്. തോട്ടത്തിന്റെ 5% സ്ഥലങ്ങൾ ഇതുപോലുള്ള ആവശ്യങ്ങൾക്കായി നേരത്തേയുള്ള പെർമിഷനോടുകൂടി ഉപയോഗപ്പെടുത്താനുള്ള അവകാശം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അങ്ങനെ ഏതെങ്കിലും തോട്ടത്തിൽ ചെയ്തിട്ടുണ്ടായിരിക്കാം. 5% സ്ഥലം ടൂറിസം പ്രൊമോഷൻ പോലുള്ള കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുള്ള അവകാശം ഗവണ്മെന്റ് കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യം നമ്പർ (*79).

'കെയർ കേരളം' പദ്ധതി

*3 [79] *ശ്രീ. റോഷി അഗസ്റ്റിൻ:*

„ *തോമസ് ചാഴികാടൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര തയ്യാറാക്കിയ 'കെയർ കേരളം' പദ്ധതി കൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത് എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിക്ക് എന്ത് ചെലവ് വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സഹായമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (*ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്*): സർ,

(എ) കിൻഫ്രയും കെ.എസ്.ഐ.ഡി.സി.-യും സംയുക്തമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കെയർ കേരളം. ഈ പദ്ധതികൊണ്ട് പ്രധാനമായും കേരളത്തെ ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ ഒരു ആഗോള ലക്ഷ്യസ്ഥാനമാക്കി ഉയർത്തുന്നതിലേക്കായി വിവിധ ആയുർവ്വേദ ഔഷധ നിർമ്മാതാക്കളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുവാനാണ് കെയർകേരളം പദ്ധതിമൂലം സർക്കാർ ഉദ്ദേശിക്കുന്നത്. ആയുർവ്വേദ ഉൽപ്പന്നങ്ങളിൽ വിഷാംശം കലർന്നിട്ടുണ്ടോ എന്നുള്ള പരിശോധന, ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ നിലവാരം അന്താരാഷ്ട്ര നിലവാരത്തിനൊത്ത് ഏകീകരിക്കുക തുടങ്ങിയ നടപടികളാണ് 'കെയർ' കേരളം വിഭാവനം ചെയ്യുന്നത്. ഇതിനായി ഒരു ക്വാളിറ്റി കൺട്രോൾ ലാബ്, ഗവേഷണങ്ങൾക്കായി ഒരു റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് വിങ്, അംഗങ്ങൾക്കാവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സമാഹരിക്കാനുള്ള സംവിധാനം എന്നിവ തുടങ്ങാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

(ബി) ഏകദേശം 40 കോടി രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്ര വാണിജ്യ വകുപ്പിന്റെ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ സ്കീം മുഖേന പരമ്പരാഗത വ്യവസായങ്ങൾക്കായി മൊത്തം പദ്ധതി ചെലവിന്റെ 75% സാമ്പത്തിക സഹായമായി ലഭിക്കുന്നു. പ്രസ്തുത പദ്ധതിക്ക് ധനസഹായമായി 29 കോടി രൂപ കേന്ദ്ര സഹായമായി അനുവദിച്ചിട്ടുണ്ട്.

(ഡി) കിൻഫ്രയുടെ കീഴിലുള്ള കൊരട്ടിയിൽ പ്രവർത്തിക്കുന്ന പെറുകിട വ്യവസായ പാർക്കിൽ 10 ഏക്കർ ഭൂമിയും 2500 ചതുരശ്ര അടി വിസ്തൃതിയുള്ള ഇരുനില കെട്ടിടവും കിൻഫ്ര കെയർ കേരളം പദ്ധതിക്കായി നൽകിയിട്ടുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: കിൻഫ്രയും കെ.എസ്.ഐ.ഡി.സി.-യും സംയുക്തമായി ആവിഷ്കരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് കെയർ കേരളം എന്ന് ഇവിടെ സൂചിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയിൽ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ജില്ലകളും ഈ പദ്ധതിയുടെ ഭാഗമായിട്ട് ഇതിൽ വരുന്നുണ്ടോ, ഏതൊക്കെ ജില്ലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്, ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ മുഴുവൻ ജില്ലകളും ഇതിന്റെ പരിധിയിൽ കൊണ്ടുവന്ന് ഈ പദ്ധതി വിപുലീകരിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഇപ്പോൾ കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, കോട്ടയം, തിരുവനന്തപുരം ജില്ലകളെ മാത്രം ഉൾപ്പെടുത്തിയാണ് ഈ കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. ദക്ഷിണ കേരളത്തിൽ ഈ കൺസോർഷ്യം രൂപീകരിക്കുന്നതിന് വിരോധമില്ല. അതിനുള്ള നടപടി വേണമെങ്കിൽ പരിശോധിക്കാം.

ശ്രീ. ഒറാഷി അഗസ്റ്റിൻ: സർ, അംഗങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ സമാഹരിക്കാനുള്ള സംവിധാനം ഈ പദ്ധതിയുടെ ഭാഗമായി സൂചിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അർത്ഥം ഔഷധ സസ്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമായിരിക്കുന്നു എന്നാണ്. ഈ സാഹചര്യത്തിൽ കെയർ കേരളം പദ്ധതിയുടെ ഭാഗമായി ഔഷധകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കർഷകർക്ക് ആനുകൂല്യങ്ങൾ നൽകാനും മറ്റ് ഇതര ഡിപ്പാർട്ടുമെന്റുകളുമായി ആലോചിച്ച് അവർക്ക് സബ്സിഡി നൽകി വായ്പകൾ ലഭ്യമാക്കുന്നതിനുപകരിക്കുന്ന നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: കെയർ കേരളം പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ് നടപ്പാക്കുന്നത്. ആ പദ്ധതിയിൽ ഇതുകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് പാഴികാടൻ: സർ, കേരളത്തിന്റെ നമ്മുടേതുമാത്രമായ ഒരു പൈതൃകമാണ് ആയുർവേദം. അതിനെ പ്രോത്സാഹിപ്പിക്കാനായി പുതിയ പദ്ധതി ആവിഷ്കരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചതിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ആയുർവേദ ഉല്പന്നങ്ങളിൽ വിഷാംശം കലർന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ആയുർവേദ ഉല്പന്നങ്ങളുടെ നിലവാരം അന്താരാഷ്ട്ര നിലവാരത്തിനൊത്ത് ഏകീകരിക്കുക തുടങ്ങിയ നടപടികളാണ് കെയർ കേരളം പദ്ധതിയിൽ ഉദ്ദേശിക്കുന്ന ഒരുകാര്യമെന്ന് പറയുകയുണ്ടായി. ആയുർവേദ മരുന്നുകൾക്ക് സാധാരണഗതിയിൽ പാർശ്വഫലങ്ങളില്ലെന്നാണ് നാമൊക്കെ വിശ്വസിക്കുന്നത്. കേരളത്തിലെ ആയുർവേദ വൈദ്യന്മാർ തയ്യാറാക്കിയ മരുന്നുകൾക്കൊന്നും അങ്ങനെയില്ലതാനും. പക്ഷേ ഇപ്പോൾ വാണിജ്യവൽക്കരിക്കപ്പെട്ടതുമൂലം ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

LIBRARY ARCHIVES Kerala Legislative Assembly

കുറയുകയും അതിന് പ്രത്യേകം standardisation നിശ്ചയിക്കുന്നതുകൊണ്ട് ഓരോ വാണിജ്യ സ്ഥാപനത്തിനും തോന്നുന്ന രീതിയിലുള്ള കോമ്പൗണ്ടുകൾ ഉപയോഗിച്ചുകൊണ്ട് ആയുർവേദ മരുന്നുകൾ വിതരണം ചെയ്യുന്നതുമൂലം വളരെയേറെ പാർശ്വഫലങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ തന്നെ അത് അനുഭവിച്ച ആളാണ്. ഗവൺമെന്റ് ആയുർവേദ ഡോക്ടർ നിശ്ചയിച്ച മരുന്ന് വാങ്ങി കഴിച്ചതുമൂലം എന്റെ രക്തത്തിന്റെ എച്ച്.ബി. 3.9 ആയി കുറഞ്ഞ് 6 മാസക്കാലം മറ്റൊരു ചികിത്സയിലിരിക്കേണ്ടിവന്ന ആളാണ് ഞാൻ. അതുകൊണ്ടാണ് ഞാനിത് വളരെ കാര്യമായി പറയുന്നത്. ഞാൻ അന്ന് അന്വേഷിച്ചപ്പോൾ മനസ്സിലായത് അലോപ്പതി മരുന്നുകൾക്കും അന്താരാഷ്ട്ര നിലവാരത്തിൽ നിശ്ചയിക്കപ്പെട്ട ചില standardisations ഉണ്ട്. പക്ഷേ ആയുർവേദത്തിൽ അങ്ങനെയൊരു standardisation നിശ്ചയിക്കപ്പെട്ടിട്ടില്ല. ഗവൺമെന്റ് നിയമംമൂലം ഈ ആയുർവേദ മരുന്നുകൾക്ക് standardisations നിശ്ചയിക്കാനായി നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചിട്ടുള്ള കാര്യം തന്നെയാണ് നടത്താൻ ഉദ്ദേശിക്കുന്നത്. ആയുർവേദ മരുന്നുകൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള standardisation ഉറപ്പാക്കുക എന്നുള്ളത് കെയർ കേരളം പദ്ധതിയുടെ ഒരു പ്രധാന ഉദ്ദേശമാണ്.

ശ്രീ. ജോസ് ചാഴികാടൻ: സർ, ആയുർവേദം കേരളത്തിന്റെ വരദാനമാണ്. നമ്മുടെ ജൈവവൈവിദ്ധ്യത്തിലെ മിക്കവാറും എല്ലാ ചെടികൾക്കും ഔഷധ ഗുണമുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ ഗാട്ട് കരാറും ഡബ്ലിയു. ടി. ഒ. യുമൊക്കെ വന്നതിനുശേഷം ഈ പേറ്റന്റ് എടുത്തുകൊണ്ട് നമ്മുടേതായ പ്രകൃതി നൽകിയ ചില ദാനങ്ങൾ വിദേശരാജ്യങ്ങളിലേക്ക് കൊണ്ടുപോകാനുള്ള ശ്രമം നടക്കുന്നതായി അറിയുന്നുണ്ട്. നമ്മുടെ ബസുമതി അരിയെ സംബന്ധിച്ചുള്ള പേറ്റന്റ് വളരെ വിവാദമായിട്ടുള്ളതാണ്. അതുപോലെ കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന പല സസ്യങ്ങൾക്കും പ്രത്യേകിച്ച് ഈ അടുത്തകാലത്ത് മഞ്ഞളിനെക്കുറിച്ച് ഒരു വാർത്ത വായിക്കുകയുണ്ടായി. തൃശ്ശൂരിലുള്ള ഒരു ശാസ്ത്രജ്ഞൻ കണ്ടുപിടിച്ചത് മഞ്ഞൾ ക്യാൻസർ വരാതിരിക്കുന്നതിന് വളരെയേറെ പ്രയോജനം ചെയ്യുമെന്നാണ്. അതുപോലുള്ള നിരവധി ഔഷധ സസ്യങ്ങളുണ്ട്. അങ്ങനെയുള്ള ഔഷധ സസ്യങ്ങളുടെ ആ അവകാശം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പേറ്റന്റ് മൂലം, ആരെങ്കിലും വിദേശത്തുള്ളവർ പേറ്റന്റെടുത്ത് നമുക്ക് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം അതാണ്. ആയുർവേദത്തിൽ Research and Development ഇല്ലെന്നുള്ള ഒരു പരാതിയുണ്ട്. ആ പരാതി ഒഴിവാക്കി കഴിയുന്നത്ര മരുന്നുകൾക്കും അതുപോലെ ആയുർവേദ സസ്യങ്ങൾക്കുമെല്ലാം പേറ്റന്റ് നമുക്കുതന്നെ ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുക യെന്നതാണ് കെയർ കേരളം പദ്ധതിയുടെ ഉദ്ദേശ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കേരളത്തിലെ ആയുർവേദത്തിന് അന്താരാഷ്ട്ര തലത്തിൽതന്നെ പ്രശസ്തി വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണ്. അത്തരമൊരു സന്ദർഭത്തിൽ അന്താരാഷ്ട്ര നിലവാരം ഇതിന് ഉറപ്പുവരുത്തേണ്ടത് ആവശ്യം തന്നെയാണ്. ഇതിന്റെ ഭാഗമായി ആരംഭിച്ച പദ്ധതിയിൽ ചില പ്രത്യേക പ്രദേശങ്ങളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. കിൻഫ്രയുടെ തന്നെ കീഴിലുള്ള വ്യവസായ വളർച്ചാ കേന്ദ്രത്തിൽ ധാരാളം ഭൂമി വ്യവസായങ്ങൾക്കൊന്നും ഉപയോഗിക്കാതെ കിടക്കുകയാണ്. തലശ്ശേരിക്കടുത്തുള്ള വലിയവെളിച്ചം വ്യവസായ വികസന കേന്ദ്രത്തിൽ ധാരാളം ഭൂമി ഇങ്ങനെ ബാക്കി കിടക്കുന്നുണ്ട്. ഇതുപോലുള്ള സ്ഥലങ്ങളിൽ ഈ ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും ഒരു പദ്ധതി, ഈ പദ്ധതിയുടെ ഭാഗമായിട്ട് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഗവൺമെന്റ് അത് ആലോചിക്കാം. ഏതാനും ജില്ലകളേ ഉൾപ്പെടുത്തിയുള്ളുവെങ്കിൽ തന്നെ നമ്മുടെ പ്രധാനപ്പെട്ട എല്ലാ ആയുർവേദ ഔഷധ നിർമ്മാതാക്കളേയും ഒരു ക്ലസ്റ്ററായി കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. കെ. ഷാജു: സർ, ആയുർവേദ ഔഷധ നിർമ്മാതാക്കളുടെ ഒരു കൺസോർഷ്യം കെയർ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ഞങ്ങൾ പന്തളത്ത് മന്നം ഷുഗർ മില്ലിന്റെ ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു ആയുർവേദ മെഡിക്കൽ കോളേജ് ആരംഭിച്ചിട്ടുണ്ട്. 100 ബെഡ്ഡുള്ള ആയുർവേദ മെഡിക്കൽ കോളേജ് അടക്കം അതിന്റെ നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. അതിന്റെ 200 ഏക്കർ സ്ഥലത്ത് ഇപ്പോൾ തന്നെ ഔഷധത്തോട്ടം ആരംഭിച്ചിട്ടുണ്ട്. ആ ഔഷധ തോട്ടവും അതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളുമെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട്, അങ്ങേക്കറിയാം വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്, അവിടെ ഒരു കൺസോർഷ്യം രൂപീകരിച്ച് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സഹായം ഉറപ്പുവരുത്തിക്കൊണ്ട് ആ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: നേരത്തേ ഇവിടെ മറുപടി പറഞ്ഞപ്പോൾ ഞാൻ സൂചിപ്പിച്ചതുപോലെ ദക്ഷിണകേരളത്തിൽ ഒരു കൺസോർഷ്യം രൂപീകരിക്കുകയാണെങ്കിൽ അത് മന്നം ഷുഗർ മിൽ കേന്ദ്രീകരിച്ച് രൂപീകരിക്കാനായി ശ്രമിക്കാം. ഔഷധച്ചെടികൾ നട്ടുവളർത്തുന്നതിനും അതോടൊപ്പംതന്നെ ഈ കൺസോർഷ്യത്തിന്റെ എല്ലാ രൂപവും ഭാവവും അവിടെ കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ്: സർ, കെയർ കേരളം പദ്ധതിയിൽ പ്രത്യേകമായിട്ടും ആയുർവേദവും ആയുർവേദ ചികിത്സയും ഒരു പ്രധാന ഘടകമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് ധാരാളം exploit ചെയ്യുന്നുണ്ട്. പ്രത്യേകിച്ചും നമ്മുടെ ടൂറിസം മേഖലയിൽ ആയുർവേദ ചികിത്സയുടെ ഭാഗമായിട്ടുള്ള തിരുമ്മുകേന്ദ്രങ്ങൾ, അതും ടൂറിസ്റ്റുകളെ exploit ചെയ്യുന്ന മാർഗ്ഗമായി മാറിയിട്ടുണ്ട്. കൺസോർഷ്യം രൂപീകരണവുമായി മുന്നോട്ടുപോകുന്ന സന്ദർഭത്തിൽ തന്നെ ഇത്തരത്തിൽ ആയുർവേദത്തെ ദുരുപയോഗപ്പെടുത്തുന്ന ആളുകൾക്കെതിരെ ഹെൽത്ത് ഡിപ്പാർട്ടുമെന്റും ഈ പ്രോഗ്രാം തയ്യാറാക്കുന്ന കിൻഫ്രയും കെ.എസ്. ഐ.ഡി.സി.-യും സംയുക്തമായിച്ചേർന്ന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഈ കൺസോർഷ്യത്തിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുന്നില്ല. അത് ടൂറിസം ഡിപ്പാർട്ടുമെന്റും ഹെൽത്ത് ഡിപ്പാർട്ടുമെന്റും കൂടി സംയുക്തമായി ചെയ്യേണ്ട കാര്യമാണ്. എങ്കിലും കെയർകേരള പദ്ധതിയിൽപ്പെടുത്തി എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ അക്കാര്യം ആലോചിക്കാം.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ആയുർവേദം 5-ാമത്തെ വേദമാണെന്ന് വിശേഷിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതാണ്. പക്ഷേ ഇപ്പോൾ ആയുർവേദം വാണിജ്യവൽക്കരിച്ചതോടുകൂടി ഉല്പന്നങ്ങളുടെ ഗുണമേന്മയും വിശ്വാസവും നഷ്ടപ്പെട്ടിരിക്കുന്നു. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറഞ്ഞതുപോലെ സ്വദേശത്താണെങ്കിലും വിദേശത്താണെങ്കിലും അതിന്റെ വ്യാപ്തി, അതിന്റെ ഗുണഫലം നഷ്ടപ്പെട്ടിരിക്കുന്നു. ആ കാരണത്താൽ ഇതിന്റെ സംശുദ്ധി നിലനിർത്താൻ ടൂറിസം ഡിപ്പാർട്ടുമെന്റ്, ഹെൽത്ത് ഡിപ്പാർട്ടുമെന്റ് അതുപോലെതന്നെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് ഇതെല്ലാം ചേർന്നിട്ടുള്ള ഒരു സംവിധാനം ഒരുക്കുവാൻകൂടി ഈ പദ്ധതിയുടെ ഭാഗമായി കൺസോർഷ്യത്തെ വിനിയോഗിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഇത് ആലോചിക്കാവുന്ന ഒരു നിർദ്ദേശമാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ആയുർവേദ രംഗത്ത് ബഹുമാനപ്പെട്ട ഏറ്റുമാനൂർ മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വളരെയധികം അപകടകരമായ ഒരു സ്ഥിതിയുണ്ടാകുന്നു. ഞാൻ ഈ സഭയിൽ തന്നെ ചൂണ്ടിക്കാണിച്ച ഒരു വസ്തുതയുണ്ട്. മണിക്കൂറുകൾകൊണ്ട് ഒരാളിനെ പഞ്ചകർമ്മ ചികിത്സ ചെയ്തുകൊടുത്തുവിടാൻ കഴിയുന്ന ഒരു ചികിത്സാരീതി ആയുർവേദ വിധിപ്രകാരമില്ല. അഷ്ടാംഗഹൃദയം എന്നുപറയുന്ന പുസ്തകത്തിൽ മണിക്കൂറുകൾകൊണ്ട് ഒരാളിനെ തിരുമ്മി നടത്തിവിടാൻ കഴിയില്ല. അത് ഈ സംസ്ഥാന ഗവൺമെന്റ് അറിഞ്ഞുകൊണ്ട് അനുവദിച്ചിരിക്കുകയാണ്. ഇതിനെക്കുറിച്ച് എനിക്ക് ധാരണയുള്ളതുകൊണ്ടാണ് പറയുന്നത്. ഞാൻ പറഞ്ഞത് ആയുർവേദ വിധിപ്രകാരം അല്ലാതെ ഇന്ന് ഹൗസ്ബോട്ടുകളിൽ ടൂറിസത്തിന്റെ മറവിൽ നടന്നുവരുന്ന ചികിത്സാരീതി അശാസ്ത്രീയമാണ്. അത് ദീർഘകാലാടിസ്ഥാനത്തിൽ ആയുർവേദ ചികിത്സയ്ക്ക് ദോഷമുണ്ടാക്കുമെന്ന് മനസ്സിലാക്കിക്കൊണ്ട് സർക്കാർ ഇടപെടാനും ഇത്തരത്തിലുള്ള അശാസ്ത്രീയമായ രീതികൾ അവസാനിപ്പിക്കാനുമുള്ള ശ്രമം നടത്താൻ തയ്യാറാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ടൂറിസം പ്രൊമോഷന്റെ ഭാഗമായിട്ടാണ് അങ്ങനെ ഒരു പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. ടൂറിസം ഡിപ്പാർട്ടുമെന്റാണ് അത് നോക്കേണ്ടത് എങ്കിലും ഈ കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ ആയുർവേദ ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് ഈ കെയർ കേരളം പദ്ധതി എന്ന് ഇവിടെ പറയുകയുണ്ടായി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആയുർവേദ ഉല്പന്നങ്ങളുള്ളത് നമ്മുടെ സംസ്ഥാനത്താണ്. ഇത് ഇന്ത്യയിൽ ആകെയുള്ളതിന്റെ എത്ര ശതമാനമാണ് കേരളത്തിലുള്ളതെന്ന് പറയാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ഇന്ത്യയിൽ 4000 കോടി രൂപയുടെ ഉല്പന്നങ്ങളുപയോഗിച്ചാണ് ആയുർവേദ മരുന്നുകൾ ഉല്പാദിപ്പിക്കുന്നത്. അതേസമയം നമുക്ക് വെറും 200 കോടി രൂപയുടെ ഉല്പന്നങ്ങളേ ഉണ്ടാക്കാൻ സാധിക്കുന്നുള്ളൂ. നമ്മുടെ പങ്ക് വളരെ ചെറുതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly